# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പിഒ തിരുവനന്തപുരം 695003

ഫോൺ. 0471 2317983 ഫാക്സ് 0471 2310192 ഇ മെയിൽ. travancoredevaswom2011@gmail.com


**തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്.**

**(സാന്നിദ്ധ്യം: വി.എസ്.ജയകുമാർ)**

## സംഗ്രഹം

രാഷ്ട്രീയപാർട്ടികളുടെയും മത സാമുദായിക സംഘടനകളുടെയും കൊടി തോരണ ങ്ങൾബോർഡുകൾ, പോസ്റ്ററുകൾ തുടങ്ങിയവ ദേവസ്വം/ആഫീസ് കാമ്പൗണ്ടുകളിൽ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ ROC. 87/16/Est. 1 — നന്തൻകോട് ൩൦. 03-.2016

---

പരാമർശം:- 1) 02-03-2016 ലെ കോൺഫറൻസ്.

**ദേവസ്വം ഭരണം മെച്ചപ്പെടുത്തുന്നതിനും റവന്യൂ വർദ്ധിപ്പിയ്ക്കുന്നതിനും മറ്റുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 02-03-2016 ൽ സുമംഗലി ആഡിറ്റോറിയത്തിൽ വിളിച്ചുചേർത്ത ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ മേൽ വിഷയം സംബന്ധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിയ്ക്കുന്ന തീരുമാനം കൈക്കൊണ്ടു.**

## ഉത്തരവ്

ദേവസ്വം ബോർഡ് ആസ്ഥാനത്തും, ദേവസ്വം ബോർഡിന്റെ എല്ലാ ആഫീസുകളിലും, ക്ഷേത്രങ്ങളിലും അനുബന്ധ കോമ്പൗണ്ടിലും വസ്തുവകകളിലും സർവ്വീസ് സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും, മത സാമുദായിക സംഘടനകളുടേയും കൊടി തോരണങ്ങളും, ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും, നോട്ടീസുകളും സ്ഥാപിക്കുന്നത്/പതിക്കുന്നത് നിരോധിച്ചു. നിലവിലുള്ളവ ഉടൻ മാറ്റുന്നതിന് അതതു ഓഫീസ്/ദേവസ്വം മേധാവികളെ ചുമതലപ്പെടുത്തുന്നു. ദേവസ്വം ഹെഡ്ക്വാർട്ടേഴ്സ് കോമ്പൗണ്ടിലെ എല്ലാ കൊടി തോരണങ്ങളും, ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും, മാറ്റുന്നതിന് എക്സിക്യൂട്ടീവ് എൻജിനീയറെ (തിരുവനന്തപുരം) ചുമതലപ്പെടുത്തുന്നു. ഇതിലേക്ക് സംരക്ഷണം ആവശ്യമുള്ള പക്ഷം ആയത് നൽകുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി) നെ ചുമതലപ്പെടുത്തുന്നു.

എല്ലാ ആഫീസ് മേധാവികളും ടി ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ മേലിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി.

പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ  വിവരമറിവാനും വേണ്ട നടപടിയ്ക്കുമായി
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3)ചീഫ് എൻജിനീയർ (ജനറൽ)
4)ചീഫ് എൻജിനീയർ
5) എക്സിക്യൂട്ടീവ് എൻജിനീയർ , തിരുവനന്തപുരം, മാവേലിക്കര, കോട്ടയം, പംപാ
6) സെക്ഷൻഫയൽ
7) ഫയൽ ബുക്ക്.

EDP Section